# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3027 18.06.2019-ൽ മറുപടി നൽകേണ്ടത്

**<u>പയ്യന്നൂരിലെ രണ്ട് ഹയർ സെക്കന്ററി സ്കൂളുകൾക്ക് ലാബും ലൈബ്രറിയും</u>**

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ | | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | 2017-18 സാമ്പത്തിക വർഷം പയ്യന്നൂർ മണ്ഡലത്തിലെ രണ്ട് ഹയർസെക്കന്ററി സ്കൂളുകൾക്ക് ലാബും ലൈബ്രറിയും നിർമ്മിക്കാൻ ഒരു കോടി രൂപ വീതം അനുവദിച്ച് ഭരണാനുമതി ആയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) , (ബി) & (സി) | പയ്യന്നൂർ മണ്ഡലത്തിലെ കണ്ടങ്കാളി, മാത്തിൽ ഹയർ സെക്കന്ററി സ്കൂളുകൾ ഉൾപ്പെടെയുള്ള 38 ഹയർ സെക്കൻഡറി സ്കൂളുകളിൽ ലാബും ലൈബ്രറിയും നിർമ്മിക്കാൻ സർക്കാർ അനുമതി നൽകിയിരുന്നു. ഈ പ്രോജക്ടിന്റെ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കൈറ്റിനെ (KITE) ഏൽപ്പിച്ചിരുന്നു. ഇത് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത സ്കൂളുകളുടെ ലാബിന്റെയും ലൈബ്രറിയുടെയും നിർമ്മാണ പ്രവർത്തികൾ സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബ) | അതിൻപ്രകാരം കണ്ടങ്കാളി , മാത്തിൽ എന്നീ സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിലെ നിർമ്മാണച്ചുമതല ഏറ്റെടുത്ത കൈറ്റിനു ഇതുവരെയായിട്ടും പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പദ്ധതി വേഗത്തിൽ നടപ്പിലാക്കാൻ ആവശ്യമായ ഇടപെടൽ നടത്തുമോ; | | |
| (സി) | പദ്ധതിയ്ക്ക് എന്തെങ്കിലും തടസം ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ